LIBRARY ARCHIVES Kerala Legislative Assembly

മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ എം.എൽ.എ-യുടെ ആസ്തി വികസന പദ്ധതിയിൽ ശിപാർശ നൽകിയ എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ ഭരണാനുമതി ലഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്തെന്ന് അറിയിക്കുമോ?

പദ്ധതികൾ അനുവദിക്കുന്നതിൽ ധനകാര്യ വകുപ്പിൽ കാലതാമസം ഉണ്ടായിട്ടില്ല.

എം.എൽ.എ. ആസ്തി വികസന ഫണ്ട്

61(66) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ-മാരുടെ ആസ്തി വികസന ഫണ്ട് വെട്ടിക്കുറച്ചത് സംബന്ധിച്ച് പുനഃപരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ ഇത് എത്ര കാലത്തേയ്ക്കാണ് തുടരാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തുകയിലെ കുറവ് നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമോ എന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ;

&

(ഡി) പ്രസ്തുത തുക അടുത്ത സാമ്പത്തിക വർഷം മുതൽ പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-ഡി) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് വെട്ടിക്കുറച്ചത് സംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

ആലത്തൂർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ

62(67) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ട് പ്രകാരം 2016-17 മുതൽ 2019-20 വരെ വർഷങ്ങളിലെ പദ്ധതികളുടെ പുരോഗതി ലഭ്യമാക്കാമോ?